(ബി) തൃപ്പൂണിത്തുറ ഗസ്റ്റ് ഹൗസ് വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടകയിനത്തിൽ പ്രതിവർഷം 48,000 രൂപ ചെലവാകുന്നുണ്ട്.

(സി) പത്തനംതിട്ടയിൽ ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്; അതിനായി സ്ഥലം കണ്ടെത്തിയിട്ടുമുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഉടനെത്തന്നെ സ്ഥലം പരിശോധിച്ച് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

തേക്കടി പെരിയാർ ഹൗസ്, ഹോട്ടൽ ആരണ്യനിവാസ് എന്നിവയുടെ വരവുചെലവു കണക്കുകൾ

780 [944] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ ടൂറിസം ഡെവലപ്പ്മെൻറ് കോർപ്പറേഷന്റെ മാനേജ്മെൻറിലുള്ള തേക്കടി പെരിയാർ ഹൗസ്, ഹോട്ടൽ ആരണ്യനിവാസ് എന്നിവയുടെ 1980.81 മുതൽ 1985.86 വരെയുള്ള വർഷങ്ങളിലെ വരവു ചെലവു കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

വരവു ചെലവു കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ‡

ശബരിമല തീർത്ഥാടകർ

781 [945] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്ദർശനത്തിനായി എത്തുന്ന ടൂറിസ്റ്റുകൾക്കും തീർത്ഥാടകർക്കും വളരെ പരിമിതമായ താമസ സൗകര്യങ്ങൾ മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ടൂറിസ്റ്റുകൾക്കും തീർത്ഥാടകർക്കും യാത്രാമദ്ധ്യേ താമസിക്കുന്നതിനുള്ള കോമ്പൗണ്ടുകൾ നിർമ്മിക്കുന്നതിന് ഗവൺമെൻറ് നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ, ബി) ഉണ്ട്. പമ്പയിലും സന്നിധാനത്തിലും കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാകത്തക്ക യാത്രിക (ധർമ്മശാല)കൾ നിർമ്മിക്കുവാൻ ഉദ്ദേശമുണ്ട്. ഇതിനാവശ്യമായ സ്ഥലം വനം വകുപ്പിൽ നിന്നും ലഭിച്ചാൽ കേന്ദ്രസഹായത്തോടുകൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കാനാവും എന്നാണു പ്രതീക്ഷ.

‡ അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊട്ടാരക്കരയിൽ ഒരു മോട്ടൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ശബരിമല തീർത്ഥാടകർക്കു മാത്രമായി കുറച്ചുകൂടി നിർമ്മിക്കുവാൻ വിനോദസഞ്ചാര വകുപ്പിന് തൽക്കാലം പരിപാടിയില്ല.

വിനോദസഞ്ചാര വികസനത്തിനായി കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ച പദ്ധതികൾ

782 [946] ശ്രീ. കെ. മുസക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദസഞ്ചാര വികസനത്തിനായി കേന്ദ്രഗവൺമെന്റ് അനുമതിലഭിച്ച പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പദ്ധതികളെ സംബന്ധിച്ച വിശദാംശവും ഓരോ പദ്ധതിക്കും അനുവദിച്ച തുകയെത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾ എന്നത്തേക്കു നടപ്പിൽ വരുത്താൻ കഴിയും?

ഉത്തരം

(എ, ബി) കേന്ദ്രസഹായം ലഭിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

	പദ്ധതി	അനുവദിച്ച തുക രൂപ
1.	ആഘോഷങ്ങളും മേളകളും	2,56,372
2.	ട്രെക്കിംഗ് ഉപകരണങ്ങൾ വാങ്ങുവാൻ	3,24,300
3.	കൊല്ലം, കുമരകം, കൊച്ചി, തേക്കടി എന്നിവിടങ്ങളിൽ ബോട്ടുകൾ വാങ്ങുവാൻ	50,78,000
4.	കൊട്ടാരക്കര, ആലപ്പുഴ, പാലക്കാട്, കണ്ണൂർ, വയനാട് എന്നിവിടങ്ങളിൽ മോട്ടലുകൾ പണിയുവാൻ	51,40,000

ഇവ കൂടാതെ മറ്റു ചില പദ്ധതികൾക്കും കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. അവ പരിഗണനയിലാണ്.

(സി) മുകളിൽ പറഞ്ഞ പദ്ധതികളിൽ ഒന്നാമത്തേത് നടപ്പാക്കിക്കഴിഞ്ഞു. ട്രെക്കിംഗ് ഉപകരണങ്ങൾ വാങ്ങുവാൻ നടപടികൾ എടുത്തുവരുന്നു. ബോട്ടുകൾ നിർമ്മിക്കുവാൻ ഉത്തരവു നൽകിയിട്ടുണ്ട്. നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാവുമെന്ന് കൃത്യമായി പറയുവാൻ നിവൃത്തിയില്ല. കൊട്ടാരക്കരയിലും ആലപ്പുഴയിലും പാലക്കാട്ടും മോട്ടലുകൾ പണിയുവാൻ തത്വത്തിലുള്ള അനുമതി നൽകിക്കഴിഞ്ഞു. കണ്ണൂരും വയനാട്ടിലും സ്ഥലം ലഭിച്ചിട്ടില്ല. കഴിയുന്നത്ര വേഗം പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിച്ചുവരികയാണ്.

പാലിന്റെ പ്രതിശീർഷ ഉൽപ്പാദനം

783 [948] ശ്രീ. എ.വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പാലിന്റെ പ്രതിശീർഷ ഉൽപ്പാദനം എത്ര

LIBRARY ARCHIVES Kerala Legislative Assembly